ത്തുടർന്ന് ഒഴിപ്പിക്കാൻ പറ്റാതെവന്നു. അങ്ങനെയുള്ള കേസുകൾ ധാരാളം മലബാർ ജില്ലകളിൽ ഉണ്ടെന്ന് ബോദ്ധ്യമായതുകൊണ്ടാണ് തൽക്കാലം ആ നടപടികൾ നിർത്തിവച്ചത്. മേൽപ്പറഞ്ഞ കൈവശക്കാരേയും, കർഷകരായ കുടികിടപ്പുക്കാരെയും ഭൂമിയിലെ ഉടമസ്ഥാവകാശം ഇല്ലാതാകുന്നതിൽ നിന്നും സംരക്ഷണം നൽകിക്കൊണ്ട് കേരള ഭൂ പരിഷ്കരണ നിയമത്തിൽ ഭേദഗതി വരുത്തുന്ന കാര്യം ഇപ്പോൾ സർക്കാർ പരിഗണിച്ചുവരികയാണ്. നിയമം 9-ാം ഷെഡ്യൂളിൽപ്പെടുത്തിയായതുകൊണ്ട് കേന്ദ്രത്തിന്റെ അനുമതിയോടുകൂടി മാത്രമേ അതിൽ എന്തെങ്കിലും ഭേദഗതി കൊണ്ടുവരാൻ സാധിക്കൂ. ഈ പ്രശ്നത്തിൽ പ്രതിപക്ഷ, ഭരണകക്ഷി വ്യത്യാസമില്ലാതെ അഭിപ്രായ സമന്വയം ഉണ്ടാകേണ്ട വിഷയങ്ങൾ ഉണ്ട്. അത്തരം കാര്യങ്ങളൊക്കെ ചർച്ച ചെയ്തതിനുശേഷം ഇവർക്ക് ഈ കൈവശഭൂമിയിൽ സ്ഥിരാവകാശം നൽകുവാൻ കഴിയുമോ, അവരെ ഒഴിപ്പിക്കേണ്ടിവരുമോ എന്നുള്ളതിന്റെയൊക്കെ അടിസ്ഥാനത്തിലേ നമുക്ക് തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. രണ്ടു കൊല്ലത്തേക്ക് ഇത്തരം കേസുകളിൽ ഒഴിപ്പിക്കാൻ പാടില്ല എന്ന നിയമം നിലവിലുണ്ട്. ബാക്കി വനഭൂമിയിലെ കൈവശക്കാർക്ക് 1.1.77-ന് മുൻപുള്ളതാണ് എന്ന് ഉത്തമ ബോദ്ധ്യമായ കേസുകൾക്ക് പട്ടയം കൊടുക്കുന്നതിനുവേണ്ടി കേന്ദ്ര ഗവണ്മെന്റിന്റെ അനുമതി നമ്മൾ ആവശ്യപ്പെട്ടിട്ടുമുണ്ട്.

(9) ആര്യനാട് മണ്ഡലത്തിലെ റോഡുകളുടെ ശോച്യാവസ്ഥ

<u>ശ്രീ. ജി. കാർത്തികേയൻ</u> : സർ, എന്റെ നിയോജകമണ്ഡലത്തിലെ റോഡുകളുടെ പരിതാപകരമായ ഒരവസ്ഥ വീണ്ടും ഈ സഭയിൽ അവതരിപ്പിക്കുന്നതിൽ എനിക്ക് വളരെയധികം ദുഃഖമുണ്ട്. കേരളത്തിലെ മൂഴുവൻ റോഡുകളുടെയും കാര്യം എന്റെ ബഹുമാന്യനായ സുഹൃത്ത് ശ്രീ. തമ്പാനൂർ രവി ഇവിടെ അവതരിപ്പിക്കുന്നുണ്ട്. കഴിഞ്ഞ തവണ ഞാൻ ഒരു കാളിംഗ് അറ്റൻഷനായിത്തന്നെ റോഡുകളുടെ അവസ്ഥ ഇവിടെ അവതരിപ്പിച്ചതാണ്. കേരളത്തിലെ ഉത്തരവാദപ്പെട്ട പത്രങ്ങൾ അന്ന് എഡിറ്റോറിയൽ വരെ എഴുതി. ഇന്നും അവസ്ഥ മാറിയിട്ടില്ല. ധനകാര്യ മന്ത്രികൂടി ഇതൊന്നു ശ്രദ്ധിക്കണം. നേരത്തെ ധനകാര്യമന്ത്രി ഈ ഗവണ്മെന്റിന്റെ സ്ഥിതി ഇവിടെ പറഞ്ഞു. 'നാഴൂരി പാലുകൊണ്ട് നാടാകെ കല്യാണം' മൈക്കിൾ ജാക്സണെപ്പോലെ വലിയ സ്റ്റേഡിയത്തിൽ ഫ്ളഡ് ലൈറ്റിൽ അടിപൊളി സംഗീതവുമായിട്ട് തുടങ്ങിയ ഒരു ഗവണ്മെന്റ് നാഴൂരി പാലുകൊണ്ട് നാടാകെ കല്യാണം നടത്തുന്ന ശോകഗാനം പാടി ഒരു ശോകാർദ്ര അവസ്ഥയിൽ വന്നുനിൽക്കുന്നത് സാമ്പത്തിക രംഗത്തെ തകർച്ചയാണ്. ധനകാര്യ മന്ത്രി ആ മറുപടി പറഞ്ഞപ്പോൾ ദയവുചെയ്ത് ഞങ്ങളുടെ നാട്ടിലെ റോഡുകളെ ഇത് ബാധിക്കരുത് എന്ന ഒരു അപേക്ഷ സമർപ്പിക്കുന്നതിനുവേണ്ടിയാണ് ഞാൻ അത് ഇവിടെ പറഞ്ഞത്. നെടുമങ്ങാട് താലൂക്ക് ഈ ജില്ലയിലെ ഏറ്റവും വലിയ താലൂക്കാണ്. അവിടത്തെ എം.എൽ.എ. ശ്രീ. പാലോട് രവി ഇവിടെ ഇരിപ്പുണ്ട്. ഞങ്ങളുടേത് ഒരു മലയോര താലൂക്കാണ്. Gods own country-യിൽപ്പെട്ടതാണ് ഞങ്ങളുടെ പൊൻമുടി. അത് ആര്യനാട് ജില്ലയിൽ കൂടിയാണ് പോകേണ്ടത്. കോവളത്തു നിന്നും പൊൻമുടിയിൽ എത്തണമെങ്കിൽ കിലോമീറ്ററോളം യാത്ര ചെയ്യണം. അവിടെ എത്തിക്കഴിഞ്ഞാൽ യാത്രക്കാർക്ക് ഒരു ആയുർവേദ തിരുമ്മൽ കേന്ദ്രം കൂടി കൊടുക്കണം. കാരണം റോഡുകൾ ഇല്ല. ഞങ്ങളുടെ സബ് ഡിവിഷനിൽ മാത്രമായി ഒന്നര കോടി രൂപ പഴയ ബാലൻസ് കൊടുക്കാനുണ്ട്. ബാലൻസിന്റെ കണക്കുപറയൽ അല്ല ഇവിടെ പ്രശ്നം. നെടുമങ്ങാട് ഡിവിഷനിൽ മാത്രം 5 കോടി രൂപ, ആറര കോടി രൂപ അവിടെ കുടിശ്ശിക കിട്ടാനിരിക്കെ അങ്ങയുടെ ഡിപ്പാർട്ടുമെന്റ് ഞങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

യെല്ലാം പ്രദേശങ്ങളിൽ റോഡുകളുടെ ടെൻഡർ ക്ഷണിച്ചു. കഴിഞ്ഞ തവണ പറഞ്ഞപ്പോഴും അങ്ങ് റോഡുകൾ ടെണ്ടർ ചെയ്ത കണക്കുകൾ പറഞ്ഞു.

സർ, 91 വർക്കുകൾ ടെൻഡർ ചെയ്തിട്ട് ആരും എടുക്കുന്നില്ല. നെടുമങ്ങാട് നിന്ന് ആര്യനാട്ടേയ്ക്ക് പോകണമെങ്കിലും പിരപ്പൻകോട് മുരളിയുടെ മണ്ഡലത്തിലേയ്ക്ക് പോകണമെങ്കിലും തമ്പാനൂർ രവിയുടെ മണ്ഡലത്തിലേയ്ക്ക് പോകണമെങ്കിലും കുളങ്ങൾ ചാടി വേണം പോകേണ്ടത്. ബോട്ട് മാത്രം പോരാ. നെടുമങ്ങാട് ഡിവിഷനിലെ റോഡ് തകർന്ന് കുഴിയായി കിടക്കുകയാണ്. ഈ കുളങ്ങൾ നീന്തിയാണ് ബഹുമാനപ്പെട്ട സ്പീക്കർ വീട്ടിലേക്ക് പോകുന്നത്. ഞാൻ ഇടയ്ക്ക് ഇതിനെപ്പറ്റി സ്പീക്കറോട് പറയാറുണ്ട്. അങ്ങ് ഇപ്പോൾ മറുപടി പറഞ്ഞാൽ പോര. ഇംപ്ലിമെന്റേഷൻ നടക്കണം. തിരുവനന്തപുരം ജില്ലയിൽ ആര്യനാട് നിയോജക മണ്ഡലത്തിൽ, കാട്ടാക്കട പ്രദേശങ്ങൾ, വിതുര, പൊൻമുടി പ്രദേശങ്ങൾ, ബ്രൈമൂർ എസ്റ്റേറ്റ്, മലയോര പ്രദേശങ്ങൾ, പാലോട് എന്നിവിടങ്ങളിലെ യാത്ര ദുരിതമാണ്. അവിടേക്ക് ഒരു കാറോ ആട്ടോറിക്ഷയോ വിളിച്ചാൽ വരില്ല. ടെമ്പോകൾ മാത്രമാണ് പോകുന്നത്. കല്ലടത്തണ്ണിയിൽ അപകടം ഉണ്ടായപ്പോൾ ഞങ്ങളൊക്കെ പോയി. പക്ഷെ ഞാൻ കഴിഞ്ഞയാഴ്ച അതുവഴി പോയപ്പോൾ റോഡുകൾ മെത്തപോലെ ആക്കിയിരിക്കുകയാണ്. അതുപോലെ ബസ് അപകടം ഉണ്ടായാൽ മാത്രമേ ചെയ്യുകയുള്ളോ? ശക്തമായ നടപടികൾ ഉണ്ടാകണമെന്ന് വിനയപൂരസ്സരം ഞാൻ അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, സ്റ്റേറ്റ് ഹൈവേകളിലും മേജർ ഡിസ്ട്രിക്റ്റ് റോഡുകളിലുമുള്ള റോഡുകളിലെ കുഴികൾ മുഴവൻ ഡിസംബർ മുപ്പത്തിയൊന്നിനകം നികത്തുന്നതിന് അടിയന്തിരമായി അറ്റകുറ്റപ്പണികൾ ചെയ്യുമെന്ന് പറഞ്ഞിട്ടുണ്ട്. അത്യാവശ്യപ്പണികൾ ചെയ്യുവാനുള്ള ടാർ ഒക്കെയുണ്ട്. ഇതിലുള്ള സഭയുടെ വികാരമൊക്കെ ഞാൻ മനസിലാക്കുന്നു. ഞാൻ ഇന്നലെ ഒരു പാലത്തിന്റെ തറക്കല്ലിടാൻ പോയിരുന്നു. ശ്രീ. കടമ്മനിട്ട അവിടെയുണ്ടായിരുന്നു, പത്രക്കാരുണ്ടായിരുന്നു. ഞാൻ അവരോട് ചോദിച്ചു, ശബരിമല മേഖലയിലുള്ള ഏതെങ്കിലും പി.ഡബ്ല്യു.ഡി. റോഡുകളിൽ കുഴിയുണ്ടോ എന്ന്. അടൂർ മുതൽ പത്തനാപുരം വരെയുള്ള വഴിയിൽ ഒരു പോർഷൻ മോശമായിരുന്നു. അതുപോലെ ഏനാത്ത് നിന്ന് എളംകുളം വരെയുള്ള ആ രണ്ടു വർക്കുകളുമാണ് മിച്ചമുണ്ടായിരുന്നത്. ആ രണ്ടു വർക്കുകളും ഇരുപത്തിമൂന്ന്-ാംതീയതിയ്ക്കുള്ളിൽ തീരും. ഇതൊഴിച്ച് ഒറ്റ റോഡിലും അവിടെ കുഴിയില്ല. അത് ശ്രദ്ധയിൽപ്പെടുത്തി. ഡിസംബർ മുപ്പത്തിയൊന്നിനു മുൻപ് എല്ലാ പണിയും തീർന്നിരിക്കും. ബഹുമാനപ്പെട്ട ശ്രീ. കാർത്തികേയൻ പറഞ്ഞ കേസുകളിലും ശബരിമല ബൽറ്റിലുള്ള സ്റ്റേറ്റ് ഹൈവേകളും മേജർ ഡിസ്ട്രിക്റ്റ് റോഡും മുഴുവൻ ഡിസംബർ മുപ്പത്തിയൊന്നാം തീയതിയ്ക്കകം പണി തീർക്കും. ഇതിന്റെ പണി നടന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ശ്രീ. കാർത്തികേയൻ പറഞ്ഞ ഈ പ്രദേശത്ത് 28 റോഡുകളുടെ വർക്കുകൾക്ക് ടെൻഡർ വിളിച്ചു. പക്ഷെ എടുക്കാൻ ആളില്ല. അത് ഒരു പ്രശ്നമാണ്. പക്ഷെ വിതുര ജങ്ഷനിൽ ഒരു കലുങ്ക് പെട്ടെന്ന് തകരാറിലായില്ലേ. പത്തു ദിവസങ്ങൾക്കുള്ളിൽ അത് പുതുക്കിപ്പണിഞ്ഞു. അത് സമ്മതിക്കുന്നുണ്ടല്ലോ. അപ്പോൾ അത്തരം കാര്യങ്ങൾ അടിയന്തിരമായി ചെയ്യുന്നുണ്ട്. ഇനിയിപ്പോൾ കരാറുകാർ എടുക്കാത്ത ഭാഗങ്ങളിൽ കുഴിനികത്തുന്ന കാര്യങ്ങൾ ഡിപ്പാർട്ടുമെന്റ് നേരിട്ടായാലും നടത്തും. ഡിസംബർ മുപ്പത്തിരണ്ടാം തീയതിക്ക് കേരളം

LIBRARY ARCHIVES Kerala Legislative Assembly

മുഴുവനുള്ള സ്റ്റേറ്റ് ഹൈവേയിലും മേജർ റോഡുകളിലേയും വർക്കുകൾ പൂർത്തിയാക്കിത്തരും.

(10) ഇരിംപിളിയം ഗവണ്മെന്റ് ഹൈസ്കൂൾ കെട്ടിട നിർമ്മാണം

<u>ശ്രീ. കെ.പി.എ. മജീദ്</u> : സർ, എന്റെ നിയോജകമണ്ഡലത്തിലെ ഇരിംപിളിയം ഗവണ്മെന്റ് ഹൈസ്കൂൾ കെട്ടിടത്തിന്റെ പ്രശ്നമാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. അറുപത്തിയെട്ടു ലക്ഷം രൂപയുടെ എസ്റ്റിമേറ്റോടുകൂടി ഒരു മൂന്നു നില കെട്ടിടത്തിന് ടെൻഡർ ക്ഷണിച്ച് പണി യാരംഭിച്ചതാണെങ്കിലും മൂന്നാലു വർഷമായി പണി തടസ്സപ്പെട്ടുകിടക്കുക യാണ്. ഇരുപത്തിയഞ്ചു വർഷം പിന്നിട്ട ഈ വിദ്യാലയത്തിൽ ഇന്ന് 1850 കുട്ടികളോളം പഠിക്കുന്നുണ്ട്. ഇരുപത് ഡിവിഷന് മാത്രമാണ് ഇപ്പോൾ സൗക ര്യമുള്ളത്. അത് രണ്ടു സെക്ഷനുകളായി പത്ത് ക്ളാസു മുറികളിൽ ക്ളാസ് നടക്കുകയാണ്. ഒരു ക്ളാസിൽ ശരാശരി 93 കുട്ടികളാണ് ഉള്ളത്. ഇന്നത്തെ ഈ സെക്ഷൻ സമ്പ്രദായം ഒഴിവാക്കണമെങ്കിൽ മുപ്പത്തിരണ്ടു ക്ളാസ് മുറി കൾ കൂടി അത്യാവശ്യമായിരിക്കുകയാണ്. ഇപ്പോൾ വിദ്യാലയങ്ങളുടെ കെട്ടിട ജോലികൾ ജില്ലാ പഞ്ചായത്തിനാണ് കൈമാറിയിട്ടുള്ളത്. ഈ നിയമം വരുന്നതിനുമുൻപ് ടെൻഡർ ചെയ്ത് പണി കൊടുത്ത് കരാറുകാരൻ ഭാഗിക മായി പണി നടത്തിയതുകൊണ്ട് ജില്ലാ പഞ്ചായത്തുകൾക്ക് പണി ചെയ്യാൻ കഴിയാത്ത സ്ഥിതിവിശേഷമാണ് ഉണ്ടായിരിക്കുന്നത്. സ്വാഭാവികമായും പൊതുമരാമത്തു വകുപ്പുതന്നെ കെട്ടിടത്തിന്റെ പണിപൂർത്തീകരിക്കാൻ വേണ്ട നടപടി സ്വീകരിച്ചില്ലാെങ്കിൽ വളരെ പ്രയാസകരമായ സ്ഥിതിവിശേ ഷമുണ്ടാകും. ഈ പഞ്ചായത്തിലുള്ള ഏക ഗവണ്മെന്റ് ഹൈസ്കൂൾ ആണ് ഇത്. ആ വിദ്യാലയം മുന്നോട്ടു കൊണ്ടുപോകാൻ കഴിയാത്ത സ്ഥിതിവിശേ ഷമാണ് വന്നിരിക്കുന്നത്. ഇതിന്റെ പണി പൂർത്തീകരിക്കണം. കരാറുകാരെ മാറ്റിയിട്ടെങ്കിലും പുതിയ ടെൻഡർ ക്ഷണിച്ച് കരാറുകാരെ ഏൽപ്പിച്ച് ഈ കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കാൻ ആവശ്യമായ അടിയന്തിര നടപടി കൾ സ്വീകരിക്കണം.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി <u>(ശ്രീ. പി.ജെ. ജോസഫ്)</u> : സർ, ഈ കരാർ അനുസരിച്ച് പണി പൂർത്തിയാക്കേണ്ട കാലാവധി ഒരു കൊല്ലമായിരുന്നു. എങ്കിലും കരാറുകാരൻ ഇതുവരെ ഫൗണ്ടേഷനും ബെയ്സ്മെന്റും മാത്രമേ പൂർത്തിയാക്കിയിട്ടുള്ളൂ. കരാറുകാരന് നിരന്തരം നോട്ടീസ് നൽകിയിട്ടും ബാക്കി പണികൾ നടത്താത്തതിനാൽ കരാറുകാരന്റെ ഉത്തരവാദിത്വത്തിലും ബാദ്ധ്യതയിലും ബാക്കി പണികൾ പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. അത് ക്യാൻസൽ ചെയ്ത് പുതി യതായി അറേഞ്ച് ചെയ്യുന്നതാണ്.

(11) സംസ്ഥാനത്തെ മുഴുവൻ റോഡുകളും സമയബന്ധിതമായി റിപ്പയർ ചെയ്യേണ്ടത് സംബന്ധിച്ച്

<u>ശ്രീ. തമ്പാനൂർ രവി</u> : സർ, യഥാർത്ഥത്തിൽ റൂൾ 130-ഓ, 58-ഓ അനു സരിച്ച് ഈ സഭയിൽ ചർച്ച ചെയ്യേണ്ട വിഷയമാണിത്. ബഹുമാനപ്പെട്ട ശ്രീ. ജി. കാർത്തികേയൻ പറഞ്ഞപ്പോൾ തന്നെ ഈ സഭയുടെ വികാരം ബഹുമാ നപ്പെട്ട ഗവണ്മെന്റിന് മനസ്സിലായി കാണുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. സർ നമുക്ക് പതിനായിരം കിലോമീറ്റർ മേജർ ഡിസ്ട്രിക്ട് റോഡും ഉണ്ട്. ഏറ്റവും വലിയ പ്രശ്നമാണ്. അങ്ങ് ഇത് ശ്രദ്ധിക്കണം. ഒന്നാമതായി ടാർ ലഭി

LIBRARY ARCHIVES Kerala Legislative Assembly